# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.T.581 | | 28.10.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിലെ അവ്യക്തത | | | |
| ചോദ്യം | | ഉത്തരം | |
| ഡോ.എം.കെ.മുനീർ<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.എൻ.ഷംസുദ്ദീൻ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ അവ്യക്തതയുള്ളതായി കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഏതൊക്കെ കാര്യങ്ങളിലാണ് അവ്യക്തതയുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഇന്ത്യൻ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2016 വർഷത്തെ 6-ാം നമ്പർ റിപ്പോർട്ടിലാണ് സാമൂഹ്യ സുരക്ഷ പെൻഷൻ പദ്ധതി പ്രവർത്തന ക്ഷമതലയെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത്. ആയതിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സാമൂഹ്യ സുരക്ഷാ പെൻഷൻ അത്യധികം ആവശ്യമുള്ള സമൂഹത്തിലെ അവശവിഭാഗങ്ങളും ഇടത്തരവിഭാഗങ്ങളും ഈ പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. ഇത് ഏകദേശം 15% വരും.<br>2. അർഹതയില്ലാത്ത അനവധി ഗുണഭോക്താക്കൾ പെൻഷൻ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നു. ഇത് ഏകദേശം ഗുണഭോക്തൃ ജനസമൂഹത്തിന്റെ 12% വരും.<br>3. സാമൂഹ്യ സുരക്ഷിതത്വ പദ്ധതി താഴെപ്പറയുന്ന 5 പദ്ധതികളായാണ് നടപ്പിലാക്കിവരുന്നത്.<br>i) ദേശീയ വാർദ്ധക്യകാല പെൻഷൻ<br>ii) വിധവാ പെൻഷൻ<br>iii) വികലാംഗ പെൻഷൻ<br>iv) അൻപത് വയസ്സിനുമേലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ,<br>v) കർഷകതൊഴിലാളി പെൻഷൻ.<br>ഇവയ്ക്കായി പുറപ്പെടുവിച്ചിരിക്കുന്ന മാർഗ്ഗരേഖകൾ തികച്ചും സങ്കീർണ്ണവും ഇതിൽ ഏത് ആനുകൂല്യത്തിനാണ് അപേക്ഷിക്കേണ്ടത് എന്ന് തീരുമാനമെടുക്കാൻ ബുദ്ധിമുട്ട് ഉണ്ടാകുന്നതുമാണ്. മാർഗ്ഗ രേഖകളിലെ സങ്കീർണ്ണതമൂലം അർഹരും അവശരുമായ ഒരു വലിയ വിഭാഗം ആനുകൂല്യങ്ങളിൽ നിന്നും ഒഴിവാക്കപ്പെടുന്ന സ്ഥിതി നിലനിൽക്കുന്നു. |

| | | | |
|---|---|---|---|
| | | | 4. അപേക്ഷകന്റെ വരുമാനം സാക്ഷ്യപ്പെടുത്തൽ, പരിശോധന, അംഗീകരിക്കൽ എന്നീ പ്രക്രിയകൾ സുതാര്യമല്ലാ എന്നതും, ഗ്രാമസഭാ സംവിധാനം ഇതിനായി ഉപയോഗപ്പെടുത്തുന്നില്ലാ എന്നതും അനർഹരായവർ ഗുണഭോക്താക്കളുടെ പട്ടികയിൽ കടന്നുകൂടുന്നതും പദ്ധതിയുടെ കാര്യക്ഷമതയെയും ഉദ്ദേശശുദ്ധിയേയും നശിപ്പിക്കുന്നു.<br>5. പെൻഷൻ അനുവദിക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾ തുടരുന്ന വ്യത്യസ്ഥ രീതികളും നടപടി ക്രമങ്ങളും വ്യക്തതയില്ലാത്തതായതിനാൽ കാലതാമസത്തിലേയ്ക്ക് നയിക്കുക മാത്രമല്ല, ഗുണഭോക്താക്കൾക്ക് ധനപരമായ നഷ്ടം ഉണ്ടാക്കുകയും ചെയ്യുന്നു. നടപടി ക്രമങ്ങളുടെ രേഖ സൂക്ഷിക്കൽ, പരാതി പരിഹാരം, നിരീക്ഷണം, മേൽനോട്ടം എന്നിവയ്ക്ക് വ്യവസ്ഥാപിതമായ നടപടിക്രമങ്ങൾ ഏർപ്പെടുത്താത്തത് മൂലം ഉത്തരവാദിത്വത്തിൽ നിന്നുള്ള വീഴ്ചയ്ക്ക് ഇടനൽകുന്നു.<br>6. പെൻഷനുകൾ പ്രതിമാസം വിതരണം ചെയ്യാത്തതു മൂലം ഇത് നിത്യവൃത്തിക്കുള്ള വരുമാന സഹായിയായി ഉപകരിക്കുന്നില്ല. ക്രമമല്ലാത്ത ഇടവേളകളിൽ നൽകുന്ന ഈ സംവിധാനം ധനസഹായത്തിന്റെ ആവശ്യകതയെ തന്നെ പരാജയപ്പെടുത്തുന്നു.<br>7. ഫണ്ടുകൾ വിതരണം ചെയ്യുമ്പോൾ സർക്കാർ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ മൂലം ഫണ്ടുകൾ ലാപ്സാവാനുള്ള സാഹചര്യം സൃഷ്ടിക്കുന്നു.<br>8. വിതരണത്തിന്മേൽ നിരീക്ഷണ സംവിധാനത്തിന്റെ അഭാവം മൂലം ഒരാൾക്ക് ഒന്നിൽ കൂടുതൽ പെൻഷനുകൾ ലഭിക്കുന്നതിന് വഴി തെളിക്കുന്നു. യഥാർത്ഥ ഗുണഭോക്താവിനെ കണ്ടെത്തുന്നതിനോ വിതരണം ചെയ്യുന്ന തുക യഥാർത്ഥ ഗുണഭോക്താവിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനോ അവരുടെ അർഹതാനിലവാരം പരിശോധിക്കുന്നതിനോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. |
| (സി) | ഈസർക്കാർ അധികാരത്തിൽ വന്നശേഷം പെൻഷൻ വിതരണത്തിനുമുമ്പ് ഇത്തരം അവ്യക്തതകൾ നീക്കം ചെയ്തിരുന്നോ എന്ന് വിശദമാക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ? | (സി) | പോരായ്മകൾ പരിഹരിച്ച് കാര്യക്ഷമമായി പെൻഷൻ വിതരണം നടത്തുന്നതിന് ശ്രമം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ